LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂലായ് 13, ചൊവ്വ

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 17

നിയമസഭ 1999 ജൂലായ് മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ...

1 (*416) പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനം ലക്ഷ്യമാക്കി ഇന്റൻസീവ് സെറ്റിൽമെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം കോളനികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്;

(ഇ) ഈ പദ്ധതിക്കുവേണ്ടി 1998-99 ലേക്ക് എന്തു തുക ചെലവായിട്ടുണ്ട്;

(എഫ്) പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സങ്കേതങ്ങളുടെ വികസനത്തിനായി തീവ്രസങ്കേത വികസന പരിപാടി (ഐ.എച്ച്.ഡി.പി.) ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏറ്റവും പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി- പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഈ പരിപാടിയനുസരിച്ച് അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത ഐ.എച്ച്.ഡി.പി. കോളനിയിൽ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനു ലക്ഷ്യമിട്ടിരിക്കുകയാണ്. അതിനാൽ 1997-98 മുതൽ പുതിയ സങ്കേതങ്ങൾ തെരഞ്ഞെടുക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും പൂർത്തിയാക്കുവാനുള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിന് തുക വിനിയോഗിച്ച് വരികയും ചെയ്യുന്നു.

(ബി) പദ്ധതി നടപ്പിലാക്കിയ കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(സി) 1991-92 മുതൽ.

(ഡി) ഈ പദ്ധതിപ്രകാരം പാർപ്പിടം, ശുദ്ധജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് മുൻഗണന നൽകി തെരഞ്ഞെടുത്ത കോളനികളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. ഓരോ ജില്ലയിലേയും ഐ.എച്ച്.ഡി.പി. പ്രവർത്തനങ്ങൾക്ക് വേണ്ട തുക അതാതു ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകുകയും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ നിർവഹിച്ച് വരികയും ചെയ്യുന്നു.

(ഇ) 1998-99-ൽ പട്ടികജാതി വികസന വകുപ്പ് 731.08 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 60 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(എഫ്) പദ്ധതിയുടെ പ്രയോജനം 69866 പട്ടികജാതി കുടുംബങ്ങൾക്കും 4220 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, പട്ടികജാതി പട്ടികവർഗ്ഗക്കാർ ഒരു വീട്ടിൽ ഒന്നും രണ്ടും വീടുകളായി ചരിച്ചുകെട്ടി താമസിക്കുന്നു. അവർക്ക് വോട്ടേഴ്സ് ലിസ്റ്റിൽ പേരില്ല, റേഷൻകാർഡുമില്ല. അങ്ങനെയുള്ള വീട്ടുകാർക്ക് പ്രത്യേകമായി സ്ഥലവും വീടും നിർമ്മിച്ച് കൊടുക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എത്ര വീടുകൾ അങ്ങനെ വരുമെന്ന് ഏതെങ്കിലും കണക്ക് കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എത്ര വീടുകൾ വരുമെന്ന് കണക്കുകൂട്ടിയിട്ടില്ല. ചരിച്ചുകെട്ടി താമസിക്കുന്നുണ്ട് എന്നുള്ളത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അവർക്ക് വോട്ടേഴ്സ് ലിസ്റ്റിൽ പേരുണ്ട്. റേഷൻ കാർഡ് കൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാപേർക്കും പാർപ്പിടം കൊടുക്കണമെന്നുള്ള നയമാണ് ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, അവർക്ക് മറ്റുള്ളവർക്ക് കൊടുക്കുന്നതു പോലെ ഒരേക്കറോ, അരഏക്കറോ ഭൂമിയോ, വീടോ, തൊഴിൽ കൊടുക്കുവാനോ ആക്ഷൻ പ്ലാനിൽ പരിപാടിയുണ്ടോ? എങ്കിൽ ഇതിന്റെ ലിസ്റ്റ് വായിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി കൊടുക്കാനാണ് ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നത്. അതുപോലെ ഒരു ഏക്കറോ മറ്റു മുഴുവൻ ലിസ്റ്റുകളുടെ കാര്യമൊന്നും ഇപ്പോൾ ലഭ്യമല്ല. ഇതിന് പ്രത്യേകം ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീമതി എൻ.കെ. രാധ : സർ, എന്റെ നിയോജകമണ്ഡലത്തിലെ നരേന്ദ്രാ ട്രൈബൽ കോളനി നിർമ്മിതി കേന്ദ്രം നിർമ്മിച്ചുകൊടുത്തിട്ടുള്ള പല വീടുകളും വീണുകൊണ്ടിരിക്കുകയാണ്. അതിൽ ക്രമക്കേടുകൾ നടന്നതായി സംശയിക്കുകയാണ്. ഇത് അന്വേഷിക്കുവാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ? ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ വീടുകളെല്ലാം പുതുക്കിപ്പണിയുവാൻ നടപടി സ്വീകരിച്ചുവരികയാണ്. അന്വേഷണം നടന്നുവരുന്നു.

ശ്രീമതി എൻ.കെ. രാധ : സർ, 1991 മുതൽ 1996 വരെ എത്ര ഐ.എച്ച്.ഡി.പി. കോളനികൾ തെരഞ്ഞെടുത്തു; എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : 1991 മുതൽ 1996 വരെ 1312 ഐ.എച്ച്.ഡി.പി. കോളനികളാണ് തെരഞ്ഞെടുത്തത്. 1991 മുതൽ 1996-വരെ ചെലവഴിച്ചത് എട്ട് കോടി മുപ്പത്തിനാല് ലക്ഷം രൂപയാണ്. ഈ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഇരുപത്തിയാറ് കോടി ഇരുപത്തിയൊൻപത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എൻ. കണ്ണൻ : സർ, ഐ.എച്ച്.ഡി.പി. കോളനികളിൽ താമസിക്കുന്ന പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും കഴിഞ്ഞകാലങ്ങളിൽ വീടുവയ്ക്കുന്നതിനുവേണ്ടി ലോൺ എടുത്തിട്ടുണ്ട്. കോളനി നിവാസികൾ ഇന്ന് ആ ലോൺ തിരിച്ചടയ്ക്കാൻ കഴിയാതെ പ്രയാസം അനുഭവിക്കുകയാണ്. അങ്ങനെ പ്രയാസമനുഭവിക്കുന്ന ആളുകൾക്ക് ജപ്തി നടപടികൾ വന്നിട്ടുണ്ട്. അതുകൊണ്ട് ജപ്തി നടപടികൾ നിർത്തിവയ്ക്കാനും ലോണുകൾ എഴുതിതള്ളാനും ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

ശ്രീ. എൻ. കണ്ണൻ : സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ ഫണ്ട് വകമാറി ചെലവാക്കുന്നുവെന്നത് ചർച്ചയിലൊക്കെ ഉയർന്നുവന്ന പ്രശ്നമാണ്. അത് ഇല്ലായെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ റിവ്യൂ നടത്തിയതുപോലെ ഈ കൊല്ലവും അടിയന്തിരമായി എല്ലാ ജില്ലകളിലും റിവ്യൂ നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ; ആ വിഭാഗക്കാർക്കുവേണ്ടി ചെലവഴിക്കേണ്ട പണം അവർക്കുതന്നെ ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ : കഴിഞ്ഞ രണ്ടുവർഷമായി റിവ്യൂ നടത്തുന്നുണ്ട്, അതുപോലെ ഈ വർഷവും എല്ലാ ജില്ലകളിലും റിവ്യൂ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കോളനികളുടെ വികസനത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ഫണ്ട് അപര്യാപ്തമാണ്. അതുകൊണ്ട് ഫണ്ട് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇപ്പോൾ തന്നെ ആറ് കോടി അൻപത്തിയൊൻപത് ലക്ഷം രൂപ ഈ തെരഞ്ഞെടുക്കപ്പെട്ട ഐ.എച്ച്.ഡി.പി. കോളനികളുടെ ആക്ഷൻ പ്ലാനനുസരിച്ചുള്ള spill over മീറ്റ് ചെയ്യാൻ മാറ്റിവെച്ചിട്ടുണ്ട്. അതിൽ കൂടുതൽ പൈസ വേണമെങ്കിൽ അതനുസരിച്ച് മാറ്റിവയ്ക്കാൻ നടപടി സ്വീകരിക്കാം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, വിദൂരസങ്കേതങ്ങളിൽ താമസിക്കുന്ന ആദിവാസികളെ ഐ.എച്ച്.ഡി.പി. കോളനിയിൽ പ്രവേശിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഈ വർഷം മുതൽ ഒരു പുതിയ സ്കീം നടപ്പിലാക്കുകയാണ്. ഇത് കൂടുതൽ വിപുലീകരിച്ചുകൊണ്ട് വിദൂരസ്ഥലങ്ങളിൽ താമസിക്കുന്ന ട്രൈബൽ ആളുകളെ നല്ല സ്ഥലങ്ങളിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

ശ്രീ. എ. കണാരൻ : സർ, നിരവധി കോളനികൾ പല ഘട്ടങ്ങളിലായി പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.എച്ച്.ഡി.പി. കോളനി, അംബേദ്കർ കോളനി, രാജീവ് ഗാന്ധി കോളനി അങ്ങനെ നിരവധി ഉണ്ട്. ഈ കോളനികൾ പ്രഖ്യാപിച്ചെങ്കിലും അതിലെല്ലാം തന്നെ പൂർണ്ണമായും വെള്ളം, വെളിച്ചം എന്നിവ കൊടുക്കുവാനുള്ള സംവിധാനത്തോടുകൂടിയാണ്. ആ പ്രഖ്യാപിച്ച കോളനികളിൽ ഭാഗികമായി മാത്രമേ പണി പൂർത്തിയായിട്ടുള്ളൂ. അതുകൊണ്ട് പണി പൂർണ്ണമായും തീർക്കാനുള്ള സംവിധാനം ഗവണ്മെന്റ് ഉണ്ടാക്കുമോ; അതിനാവശ്യമായ പണം നീക്കിവയ്ക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : മുൻകാലങ്ങളിലെല്ലാം പ്രഖ്യാപിച്ച കോളനികളിൽ പൂർണ്ണമായും ഇതിന്റെയൊക്കെ സൗകര്യങ്ങൾ ചെയ്തതിനുശേഷം മാത്രം ഇനി പുതിയ കോളനികളെടുത്താൽ മതിയെന്നാണ് ഗവണ്മെന്റ് തീരുമാനിച്ചത്. അതുകൊണ്ടാണ് പുതിയ കോളനികളൊന്നും പ്രഖ്യാപിക്കാതിരുന്നത്.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, തെരഞ്ഞെടുക്കപ്പെട്ട ഐ.എച്ച്.ഡി.പി. കോളനികളിൽ അടിസ്ഥാനസൗകര്യങ്ങളുണ്ടാക്കി കൊടുക്കുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് നടപ്പിലാക്കിയത്. ഇപ്പോൾ ആവശ്യത്തിന് ഫണ്ട് ഇല്ലാത്തതുകൊണ്ട് ഇനിയും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിനാവശ്യമായ തുക എത്രയാണെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എല്ലാ ജില്ലകളിലും ഇതുസംബന്ധിച്ച് സന്ദേശം അയച്ചിട്ടുണ്ട്. ഓരോ ജില്ലയ്ക്കും ആവശ്യമായ സംഖ്യ എത്രയാണെന്ന് കൃത്യമായി കണക്കാക്കി കളക്ടർമാരോട് അയയ്ക്കാൻ പറഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ആ വിവരം കിട്ടിക്കഴിഞ്ഞാൽ അതിനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കുന്നതാണ്.

ശ്രീ. ജി. സുധാകരൻ : സർ, പഞ്ചായത്ത് രാജ്- നഗരപാലിക നിയമം വരുന്നതിനുമുമ്പ് ഗവണ്മെന്റ് വികസന കോളനിയായി ഡിക്ലയർ ചെയ്തതും പൂർത്തീകരിക്കാത്തതുമായ കോളനികൾ അഡീഷണൽ ഫണ്ട് കൊടുത്ത് പൂർത്തീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അഡീഷണൽ ഫണ്ട് ഇപ്പോൾ കൊടുക്കുന്നുണ്ട്. അതിന് ആവശ്യത്തിനനുസരിച്ച് കൊടുക്കാൻ കഴിയുന്നില്ല. അതിന്റെ ആവശ്യം തിട്ടപ്പെടുത്തിയതിനുശേഷം ആവശ്യമായ ഫണ്ട് കൊടുക്കാം.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ പട്ടികജാതി സങ്കേതങ്ങൾ, പ്രത്യേകിച്ച് ഐ.എച്ച്.ഡി.പി. കോളനികൾ, ആ കോളനികളുടെ വികസനം പൂർത്തിയാക്കുന്നതോടൊപ്പം തന്നെ അങ്ങനെ എടുത്ത പല കോളനികളിലും താമസിക്കുന്ന ആളുകൾക്ക് പട്ടയം കൊടുത്തിട്ടില്ല. നിരവധി പ്രാവശ്യം നിയമ സഭയിലും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വികസനം പൂർത്തിയാക്കുന്ന മുറയ്ക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഇതു സംബന്ധിച്ച് റവന്യൂ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. എത്രയും പെട്ടെന്ന് എല്ലാ പാവപ്പെട്ട പട്ടികജാതിക്കാർക്കും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരുകയാണ്. എത്രയും പെട്ടെന്ന് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി.എസ്. സുപാൽ : സർ, വൈദ്യുതീകരണത്തിന്റെ കാര്യമാണ്. വർക്കിംഗ് ഗ്രൂപ്പുകൾ അംഗീകരിച്ച ധാരാളം കോളനികളുണ്ട്. ആ കോളനികൾക്കൊന്നും സമയബന്ധിതമായി വൈദ്യുതി കണക്ഷൻ കൊടുക്കാൻ കഴിയുന്നില്ല, ഫണ്ടിന്റെ അപര്യാപ്തതയൊക്കെ ഉണ്ട്. ഈ അപര്യാപ്തതയൊന്നും ഇല്ലാതെ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ വൈദ്യുതീകരണം നടത്തുന്നതിന് സമയബന്ധിതമായ ഒരു പ്രോഗ്രാം തയ്യാറാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : തെരഞ്ഞെടുക്കപ്പെട്ട എല്ലാ പ്രദേശങ്ങളിലും വൈദ്യുതീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അതു സംബന്ധിച്ച് വൈദ്യുത വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. ഈ വർഷം തന്നെ പരമാവധി ആളുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ്.

2 (*417) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം

ശ്രീ. എം. ദാസൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly